"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് -ജീവനകാര്യം - ആലപ്പുഴ ജില്ല- നീലംപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ അക്കൗണ്ടന്റ് - വിനോദ് മാത്യു - ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1445/2026/LSGD തീയതി,തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. നീലംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2017 ലെ A3/2343/2016 നമ്പർ നടപടിക്രമങ്ങൾ.
2. നീലംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.08.2024 ലെ 400424/HRLR10/GPO/2024/1299(5) നമ്പർ നടപടിക്രമങ്ങൾ.
3. വിനോദ് മാത്യു സമർപ്പിച്ച 17.08.2024 ലെ അവധി അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.04.2025 ലെ LSGD/PD/1383/2025-DEB4 നമ്പർ കത്ത്.

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ അക്കൗണ്ടന്റ് വിനോദ് മാത്യു-വിന് **07.09.2017** മുതൽ **30.11.2024** വരെ ചികിത്സാർത്ഥം മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. വിനോദ് മാത്യുവിന് **07/09/2017** മുതൽ **06/11/2017** വരെ പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നുവെന്നും എന്നാൽ ടിയാൻ തുടർന്നും ശൂന്യവേതനാവധിക്ക് അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് പരാമർശം (1) നടപടിക്രമങ്ങൾ പരാമർശം (2) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ടെന്നും കൂടാതെ ടിയാൻ 18/08/2024 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതാണെന്നും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ അക്കൗണ്ടന്റ് വിനോദ് മാത്യു-വിന് **07/09/2017** മുതൽ **18/08/2024** വരെയുള്ള മുഴുവൻ കാലയളവിലേയ്ക്കും ചട്ടപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എന്നിവ

ലഭ്യമല്ലെങ്കിലും, ലഭ്യമായ മെഡിക്കൽ റെക്കാർഡ്സിൽ രേഖപ്പെടുത്തിയിരിക്കുന്ന രാഗേവിവരത്തിന്റെ അടിസ്ഥാനത്തിലും, ടിയാൻ മരണപ്പെട്ട സാഹചര്യം കണക്കിലെടുത്തും, മാനുഷിക പരിഗണന നൽകി, 07/09/2017 മുതൽ 18/08/2024 വരെ, 03/09/2017, 04/09/2017, 05/09/2017, 06/09/2017 എന്നീ തീയതികൾ മുൻചേർത്ത്) ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിച്ചുകൊണ്ടും വിനോദ് മാത്യുവിന്റെ ക്രെഡിറ്റിലുള്ള ആർജ്ജിതാവധികൾ ടെർമിനൽ സറണ്ടറായി അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ.

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , ആലപ്പുഴ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

4.സെക്രട്ടറി,നീലംപേരൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

5. വിനോദ് മാത്യുവിന്റെ അനന്തരാവകാശികൾക്ക് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

6. ധനകാര്യ വകുപ്പ് (22.02.2026 ലെ e-3209837/ധെവ-1/141/2025-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം).

8.ഡയറക്ടർ . ഐ കെ എം.

9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

10.കരുതൽ ഫയൽ (ഫയൽ നം.102/ഇപിഎ1/2025-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം

Digitally signed by Noushad. S
Date: 05-08-2026 17:44:02

സെക്ഷൻ ഓഫീസർ